LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം സംസ്ഥാനത്ത് രാഷ്ട്രീയ പ്രതിയോഗികളെ നേരിടാൻ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംഘടിത കുറ്റകൃത്യങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും തുടർച്ചയായി നടത്തിവരുന്നവർക്കെതിരെയാണ് പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായ നടപടികൾ സ്വീകരിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആക്ടിന്റെ പരിധിയിൽ വരുന്നവർക്കെതിരെ മാത്രമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ഇ) പ്രസ്തുത നിയമ പ്രകാരം 1079 പേരെ കരുതൽ തടങ്കലിൽ വച്ചിട്ടുണ്ട്. അഡ്വൈസറി ബോർഡ് മുമ്പാകെ 985 കരുതൽ തടങ്കൽ കേസ്സുകളും 155 സഞ്ചാര നിയന്ത്രണ കേസ്സുകളും പരിഗണനയ്ക്ക് വന്നു. 139 പേരുടെ കരുതൽ തടങ്കൽ ഉത്തരവ് ഹൈക്കോടതി റദ്ദ് ചെയ്തു. 51 പേർ ഈ നിയമപ്രകാരം ഇപ്പോൾ ജയിലിൽ കഴിയുന്നു.

ക്രമസമാധാന കുറ്റാന്വേഷണ വിഭാഗങ്ങൾ

158 (1828) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വെവ്വേറെ ആക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതിന് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യപടിയായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പോലീസ് സിറ്റി ജില്ലകളിൽ ക്രമസമാധാനവും അന്വേഷണ വിഭാഗവും വേർതിരിച്ച് പ്രവർത്തനം നടത്തിവരികയാണ്. ത്വരിതഗതിയിലുള്ള അന്വേഷണ പൂർത്തീകരണവും ഗുണപ്രദമായ ക്രമസമാധാനപാലനവും ഉറപ്പു

Page 2 of 2

വരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ശ്രീ. പ്രേംശങ്കർ ഐ.പി.എസ്. (റിട്ട)-നെ ഇപ്രകാരം ഒരു അന്വേഷണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ചും ക്രമസമാധാനവും കേസന്വേഷണവും വേർതിരിക്കുന്നതിനുള്ള നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരവും പ്രായോഗികവും സാമ്പത്തികവുമായ നിർദ്ദേശങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് നൽകുന്നതിനുമുള്ള കമ്മീഷനായി നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ കമ്മീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കേന്ദ്രസഹായങ്ങൾ ഒന്നും ലഭിക്കുന്നില്ല.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

159 (1829) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിച്ച സ്കൂളുകൾക്ക് കൂടുതൽ പരിശീലന പദ്ധതികളും ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

### ഉത്തരം

ഉണ്ട്. എല്ലാ അദ്ധ്യയന വർഷവും പരിഷ്കരിച്ച ആക്ടിവിറ്റി കലണ്ടർ പ്രകാരമാണ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി കായിക പരിശീലനം, പരേഡ്, യോഗ, കളരി, കരാട്ടെ, കുങ്ഫു, റോഡ് വാക്ക് ആന്റ് റൺ തുടങ്ങിയവയും ഇൻഡോർ മാനുവലിന്റെ അടിസ്ഥാനത്തിൽ ഇൻഡോർ ക്ലാസ്സുകളും ഫീൽഡ് പ്രവർത്തനങ്ങളുടെ ഭാഗമായി സന്ദർശനം, സാമൂഹിക പ്രതിബദ്ധതയുള്ള പ്രോജക്ടുകൾ നടപ്പാക്കൽ, വിശേഷദിവസങ്ങളുടെ ആദരവും ആഘോഷവും മറ്റും നടത്തിവരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി കൂടുതൽ ഫണ്ട് അനുവദിക്കുന്ന അപേക്ഷ പരിശോധിച്ചുവരുന്നു.

## സ്കൂൾ പരിസരത്തെ പുകയില ഉൽപ്പന്ന വിപണനക്കാർക്കെതിരെ നടപടി

160 (1830) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾപരിസരം കേന്ദ്രീകരിച്ച് പുകയില ഉല്പന്നങ്ങൾ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്കൂൾപരിസരത്ത് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) എത്ര കേസ്സുകൾ ആർക്കെല്ലാമെതിരെ സ്വീകരിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സ്കൂളുകളിലെ കുട്ടിപോലീസിനെ ഉപയോഗിച്ച് ഇത്തരത്തിൽ വിപണനം നടത്തുന്നവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly